# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **1030** 30.11.2018 -ലെ മറുപടി

### ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി, മണൽ എന്നിവ നീക്കം ചെയ്യൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | **കെ.കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ ഡാമുകളിൽ അടിഞ്ഞു കൂടിയിട്ടുള്ള ചെളി, മണൽ എന്നിവ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ; | (എ) ഉണ്ട്. കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും കെട്ടികിടക്കുന്ന മണലും ചെളിയും നീക്കി സംഭരണ ശേഷി വർദ്ധിപ്പിച്ച് പൂർവ്വ രൂപത്തിലാക്കുവാനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) 26.09.17-)o തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) 79/2017/ജവിവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.<br>പൈലറ്റ് പദ്ധതിയായി മംഗലം, ചുള്ളിയാർ ഡാമുകളുടെ ഡിസിൽറ്റിംഗ് നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത പ്രവർത്തികളുടെ അംഗീകാരത്തിന് വിധേയമായി പ്രത്യേകം രൂപീകരിച്ച ഉന്നതാധികാര സമിതിയിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പൈലറ്റ് പദ്ധതികളുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന ഡാമുകളുടെയും ഡിസിൽറ്റേഷൻ നടത്തുവാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) ഡാമുകളിലെ മണൽ ശുദ്ധീകരിച്ച് നൽകുന്നതിനുള്ള നടപടി പുനരാരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഉണ്ട്. ഡാമുകളിൽ അടിഞ്ഞുകൂടിയ എക്കൽ കലർന്ന മണൽ നീക്കം ചെയ്ത് SOP പ്രകാരം ഘടകങ്ങൾ വേർതിരിച്ച് ഉപയോഗയോഗ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഇപ്രകാരം ലഭിക്കുന്ന മണൽ നിർമ്മാണ പ്രവർത്തനത്തിന് വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | Work contract പ്രകാരം ടെണ്ടർ ചെയ്യുമ്പോൾ ലഭ്യമാകുന്ന മണൽ റവന്യൂ അധികൃതരെ ഏൽപ്പിക്കാനാണ് SOP പ്രകാരം തീരുമാനിച്ചിരിക്കുന്നത്. Turn key പ്രകാരം കിട്ടുന്ന മണൽ ടെണ്ടർ എടുക്കുന്നയാൾതന്നെ പിന്നീട് ലേലം ചെയ്യുന്നതാണ്. ഏതു ടെണ്ടർ പ്രകാരമായാലും കിട്ടുന്ന മണൽ നിർമ്മാണപ്രവർത്തിയ്ക്കായി ഉപയോഗിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**